"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - തളിപ്പറമ്പ DSTL- ൽ കൃഷി ഓഫീസറായിരുന്ന സാലു.വി.ജി. (Late) യുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.465/2024/AGRI തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.167/2020/കൃഷി തീയതി 10/02/2020
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 08/06/2022 ലെ എസ്.ഡി(2) 45953/2018 നമ്പർ കത്ത്.
3. 12.02.2021-ലെ G.O(P)No.3/2021/AGRI

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ DSTLൽ കൃഷി ഓഫീസറായിരുന്ന സാലു.വി.ജി (Late), 06/08/2018-ൽ മരണപ്പെട്ടുവെന്നും ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കിയിരുന്നുവെങ്കിലും, ടിയാൻ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസായിരുന്നില്ലെന്നും ടിയാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 15/01/2001 FN-ൽ ആണ് ജോലിയിൽ പ്രവേശിച്ചതെന്നും ടിയാന്റെ നിയമനം റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും ടിയാന്റെ ജനനതീയതി 30/05/1970 ആണെന്നും ടിയാനെതിരെയുള്ള ഒരു അച്ചടക്ക നടപടി ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ഉപേക്ഷിച്ച് പരാമർശം (1) പ്രകാരം ഉത്തരവായെന്നും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയാന്റെ ഭാര്യ ഡോ.ഉമാദേവി.എം.ആർ, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നൽകുന്നതിന് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 15.01.2001 പൂർവ്വാഹ്നത്തിൽ കൃഷി ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച സാലു.വി.ജി (Late)യുടെ നിയമന ഉത്തരവിൽ കൃഷി ഓഫീസർ തസ്തികയിൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ അക്കൌണ്ട് ടെസ്റ്റ് (ലോവർ) യോഗ്യത നേടിയിരിക്കണം എന്ന് പരാമർശിക്കുന്നതിനാലും പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിലവിലെ വിശേഷാൽ ചട്ടത്തിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ലാത്തതിനാലും ചട്ടപ്രകാരം ശ്രീ.സാലു.വി.ജിയുടെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും നിലവിലെ വിശേഷാൽ ചട്ടത്തിൽ കൃഷി ഓഫീസർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് Account Test for Executive Officers പാസ്സായാൽ മതിയാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. Account Test for Executive Officer പരീക്ഷ അന്തരിച്ച സാലു.വി.ജി, പാസ്സായിട്ടുണ്ടെന്നത്

കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാൻ അന്തരിച്ച **06.08.2018** പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡോ.ഉമാദേവി.എം.ആർ,W/oസാലു.വി.ജി( **Late**) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/143/2022-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്